# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 308

30/01/2014-ൽ മറുപടിയ്ക്ക്

### മുത്തുച്ചിപ്പി കൃഷി

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ.എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ.കെ. എൻ. എ. ഖാദർ:

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ) തീരപ്രദേശങ്ങളിൽ മുത്തുച്ചിപ്പികൃഷി നടപ്പാക്കുന്ന കാര്യത്തിൽ എത്രത്തോളം പുരോഗതി കൈവരിക്കാനായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എ) സംസ്ഥാനത്ത് മുത്തുച്ചിപ്പി കൃഷി ആരംഭിക്കുന്നതിന്റെ ഭാഗമായി സി.എം.എഫ്.ആർ.ഐ (സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) ലെയും ഫിഷറീസ് വകുപ്പിലേയും സാങ്കേതിക വിദഗ്ദ്ധർ സംയുക്തമായി സർവ്വെ നടത്തുകയും തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്തും കൊല്ലം ജില്ലയിലെ തങ്കശ്ശേരി ഹാർബറും മത്സ്യഫെഡിന്റെ തിരുമുല്ലവാരത്തെ ഹാച്ചറിയും മുത്തുച്ചിപ്പി കൃഷിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സി.എം.എഫ്.ആർ.ഐ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. 55.5 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതി നിർദ്ദേശം ഇപ്പോൾ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) തീരദേശത്ത് ഇതിന് അനുയോജ്യമായ പ്രദേശങ്ങൾ ഏതെല്ലാമെന്ന് പരിശോധനയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ട്. കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞവും കൊല്ലം ജില്ലയിലെ തങ്കശ്ശേരി ഹാർബറും മത്സ്യഫെഡിന്റെ തിരുമുല്ലവാരത്തെ ഹാച്ചറിയും മുത്തുച്ചിപ്പി കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) മുത്തുച്ചിപ്പികൃഷി മത്സ്യബന്ധന മേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കും എന്തൊക്കെ ഗുണപരമായ മാറ്റങ്ങളുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(സി) മത്സ്യബന്ധനമേഖലയുടെയും, മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും സാമ്പത്തിക അഭിവൃദ്ധി മുത്തുച്ചിപ്പി കൃഷികൊണ്ട് സാദ്ധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ആഫീസർ